## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 262

15.12.2015 - ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ പുതിയ വിപണന സാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>" കെ.ശിവദാസൻ നായർ<br>" ജോസഫ് വാഴയ്ക്കൻ<br>" ബെന്നി ബെഹനാൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) കയർ മേഖലയ്ക്ക് പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. കയർ മേഖലയ്ക്ക് ദേശീയവും അന്തർദേശീയവുമായ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയും ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുത്തും വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ വിപണന ശാലകൾ ആരംഭിക്കുന്നതിനും ഓൺലൈൻ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) കയറും കയറുല്പന്നങ്ങളുടേയും ദേശീയ അന്തർദേശീയ വിപണി വർദ്ധിപ്പിക്കുകയും അതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുവാനും സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) പദ്ധതിയുടെ നടത്തിപ്പിനായി ആഭ്യന്തര തലത്തിൽ വിവിധയിടങ്ങളിൽ ബയർ സെല്ലർ മീറ്റുകൾ നടത്തുകയും കയർ കേരള പോലുള്ള മേളകൾ സംഘടിപ്പിക്കുകയും ഒരു വീട്ടിൽ "ഒരു കയറുല്പന്നം" തുടങ്ങിയ പ്രചാരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

| | |
|---|---|
| | കയർ മേഖലയ്ക്ക് പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പുവർഷം ഓൺലൈൻ വിപണനത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ